# പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 187 18-03-2013 ന് മറുപടിയ്ക്ക്**

## വയനാട് ജില്ലയിലെ നിക്ഷിപ്ത വനഭൂമിയിലെ സംയുക്ത പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽപ്പെട്ട മുപ്പൈനാട്, തൃക്കൈപ്പറ്റ, വെള്ളരിമല, കോട്ടപ്പടി, കുന്നത്തിടവക വില്ലേജുകളിലെ നിക്ഷിപ്ത വനഭൂമിയിൽ സംയുക്ത പരിശോധന നടത്തുന്നതു സംബന്ധിച്ച് 22.5.2010 ലെ ജി. ഒ (ആർ.റ്റി) നമ്പർ 2443/10/റവന്യൂ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽപ്പെട്ട മുപ്പൈനാട്, തൃക്കൈപ്പറ്റ, വെള്ളരിമല, കോട്ടപ്പടി, കുന്നത്തിടവക വില്ലേജുകളിലെ ഏകദേശം 531 ഹെക്ടർ ഭൂമി വനംവകുപ്പുമായി തർക്കം നിലനിൽക്കുന്നതിനാൽ വയനാട് ജില്ലാ കളക്ടറുടെ ആവശ്യാർത്ഥം ലാന്റ് റവന്യൂ കമ്മിഷണർ ഈ മേഖലയിൽ സംയുക്ത പരിശോധനയ്ക്ക് ശുപാർശ ചെയ്തു. ആയതിനാൽ മേൽ സൂചിപ്പിച്ച വില്ലേജുകളിൽപ്പെടുന്ന 531 ഹെക്ടർ വനഭൂമി സംയുക്ത പരിശോധന നടത്തുന്നതിന് മേൽപ്പറഞ്ഞ ഉത്തരവിലൂടെ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. |
| (ബി) പ്രസ്തുത ഉത്തരവു പ്രകാരം റവന്യൂ വനം വകുപ്പുകളുടെ നേതൃത്വത്തിൽ സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) സൗത്ത് വയനാട് ഡിവിഷന്റെ പരിധിയിൽപ്പെടുന്ന വൈത്തിരി താലൂക്ക് മുപ്പൈനാട് പഞ്ചായത്തിലെ കടച്ചികുന്ന് പ്രദേശത്തെ സർവ്വേ നമ്പർ 318, 320, 303 എന്നിവയിൽപ്പെട്ട കയ്യേറ്റഭൂമിയിൽ റവന്യൂ-വനം സർവ്വേ വകുപ്പുകളുടെ നേതൃത്വത്തിൽ 2012 ഏപ്രിൽ 23-ാം തീയതി സംയുക്ത സർവ്വേ |

ആരംഭിക്കുകയും അതിന്റെ ഭാഗമായി സർവ്വേ വകുപ്പ് ഓരോ കയ്യേറ്റവും പ്ളോട്ടുകളായി തിരിക്കുകയും വനം വകുപ്പ് മരത്തിന്റെ എന്യൂമറേഷൻ പൂർത്തിയാക്കുകയും റവന്യു വകുപ്പ് സ്ഥലത്തിന്റെ അതിര് നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്.സർവ്വേ പൂർത്തീകരിച്ചിട്ടില്ല .

| | | | |
|---|---|---|---|
| (സി) | ഇതു സംബന്ധിച്ച് റവന്യൂ വകുപ്പ് തയ്യാറാക്കിയ റിപ്പോർട്ട് വനം വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) യും (ഡി) യും | ഇതു സംബന്ധിച്ച് റവന്യൂ വകുപ്പ് തയ്യാറാക്കിയ റിപ്പോർട്ട് വനം വകുപ്പിന് ലഭിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത റിപ്പോർട്ടിന്മേൽ വനം വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | | |
| (ഇ) | സംയുക്ത പരിശോധന ഇനിയും ആവശ്യമായ സ്ഥലങ്ങളിൽ പരിശോധന നടത്തുന്നതിന് വനം വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ? | (ഇ) | പുതുതായി യാതൊരുവിധ സംയുക്ത പരിശോധനയും പാടില്ലായെന്ന് 10.08.2012 ന് നടന്ന യോഗത്തിൽ തീരുമാനമെടുക്കുകയുണ്ടായി. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംയുക്ത പരിശോധന ഇപ്പോൾ നടത്തുന്നില്ല. |

സെക്ഷൻ ഓഫീസർ